# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : *237 06/11/2019 ൽ മറുപടിയ്ക്ക്

**പുഴയോരങ്ങളിൽ മുള നട്ടുപിടിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>,, സി.കെ. ആശ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും<br>മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | സംസ്ഥാനത്ത് പുഴയോരങ്ങളിൽ മുള വളരുന്ന ഇടങ്ങളിൽ വലിയ പ്രളയത്തിൽപ്പോലും മണ്ണിടിച്ചിൽ ഒഴിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ | വനേതര പ്രദേശങ്ങൾ ഉൾപ്പെട്ട പുഴയോരങ്ങളിൽ മുള കൂട്ടങ്ങൾ കാണപ്പെടുന്ന സ്ഥലങ്ങളിൽ മണ്ണിടിച്ചിൽ ഒഴിവായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ഇടുക്കി സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ വിവിധ ഭാഗങ്ങളിലും, കാലടി പ്രകൃതി പഠന കേന്ദ്രത്തിന്റെ കീഴിലുള്ള കപ്രിക്കാട് ഭാഗത്ത് പെരിയാറിന്റെ തീരത്തും പ്രളയം ബാധിച്ചപ്പോൾ മണ്ണിടിച്ചിൽ ഒരു പരിധിവരെ ഒഴിവായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി | പുഴകളിലെ ഇരുകരകളിലും മുള നട്ടുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി | നിലവിൽ മുളംതൈകൾ വളർത്തിയെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ഭരണകൂടം, വിദ്യാർത്ഥികൾ തുടങ്ങിയവയുമായി ചേർന്ന് പുഴയുടെ കരകളിൽ മുളം തൈ നട്ട് പിടിപ്പിച്ച് വരുന്ന നടപടി സ്വീകരിച്ച് വരുന്നുണ്ട്. |
| സി | ഈ വർഷം ഏതെങ്കിലും പുഴയുടെ കരയിൽ മുള നട്ടുപിടിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | സി | കൊല്ലം സോഷ്യൽ ഫോറസ്ട്രി റീജിയനു കീഴിൽ കോട്ടയം ജില്ലയിൽ മണിമലയാർ, മീനച്ചലാർ എന്നിവയുടെ തീരത്ത് 1500 മുളം തൈകളും, പത്തനംതിട്ട ജില്ലയിൽ പമ്പാനദിയുടെയും അതിന്റെ കൈവഴികളുടെയും തീരത്ത് സോഷ്യൽ ഫോറസ്ട്രിയും, ജില്ലാ ഭരണകൂടവും, പഞ്ചായത്തുകളും സംയുക്തമായി 25000 മുളം തൈകൾ നട്ട് പരിപാലിച്ച് വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | എറണാകുളം സോഷ്യൽ ഫോറസ്ട്രി റീജിയണിലെ ഇടുക്കി സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ കട്ടപ്പന സോഷ്യൽ ഫോറസ്ട്രി റെയിഞ്ചിന്റെ ഇട്ടിത്തോപ്പിനടുത്തുള്ള തൂവൽ വെള്ളച്ചാട്ടത്തിനു സമീപം കല്ലാർ പുഴയോരത്ത് 100 മുളം തൈകൾ നട്ടിട്ടുള്ളതാണ്. കൂടാതെ കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി റീജിയണിലെ വയനാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ തവിഞ്ഞാൽ പുഴയുടെ തീരത്തും, മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിലെ ചാലിയാർ പുഴ, ഒലിപ്പുഴ, കനോലി കനാൽ, ഭാരത പ്പുഴയുടെ തീരങ്ങൾ എന്നിവിടങ്ങളിലും, കോഴിക്കോട് ഡിവിഷനിലെ പൂനുർ പുഴയുടെ തീരത്തും മു ളംതൈകൾ വച്ചു പിടിപ്പിക്കുന്ന പ്രവർത്തി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ